10

പൊതുമണ്ഡലം ആവശ്യപ്പെടുന്ന ദൃശ്യമാധ്യമ ഭാഷയും സംസ്കാരവും

ഷഫീക്ക് വഴിപ്പാറ

ഒന്ന്

കേരളീയജനത ജനാധിപത്യവൽക്കരിക്കപ്പെടുന്നതും രാഷ്ട്രീയ വൽക്കരിക്കപ്പെടുന്നതും ദേശം എന്ന പുതിയ രീതിയിലേക്ക് മാറിയതോടെയാണ്. ഐക്യകേരള പിറവിയോടെ ദേശം രൂപപ്പെട്ടു. മലയാളത്തിലെ ദിനപ്പത്രങ്ങളുടെ ആരംഭം മുതൽ ഐക്യകേരള പിറവി വരെയുള്ള രാഷ്ട്രീയ-സാംസ്കാരിക സംഭവങ്ങളെ വിശകലനം ചെയ്യുമ്പോൾ ജനത എന്നൊരു വാക്ക് ഉപയോഗിക്കേണ്ടി വരുന്നത് കാണാം. ജനത, ദേശം, ജനാധിപത്യം, രാഷ്ട്രീയം തുടങ്ങിയ സംവിധാനങ്ങളുടെ പ്രായോഗികത രൂപപ്പെടുത്തുന്ന ഭൂമികയാണ് പൊതുമണ്ഡലം എന്നുപറയപ്പെടുന്നത്. പൊതുമണ്ഡലം രൂപീകൃതമാകുന്നതോടെ എല്ലാം ജനകീയവത്കരിക്കപ്പെടാൻ നിർബന്ധിതമാകുന്നു. മാധ്യമങ്ങൾ ശരിക്കും ജനകീയ മാധ്യമങ്ങളായി മാറി. അമ്പതുകൾക്കു മുമ്പുള്ള ഉള്ളടക്കവും ശേഷമുള്ള ഉള്ളടക്കവും മാധ്യമങ്ങളുടേത് മാറുന്നത് അതുകൊണ്ടാണ്.

മതബോധവുമായി ബന്ധപ്പെട്ട് ആരംഭം കുറിച്ച മലയാളപത്രങ്ങളുടെ ചരിത്രം പുതിയ കാലത്ത് എത്തിച്ചേർന്നത് പൊതുമണ്ഡലത്തിന്റെ അനുക്രമമായ വികാസത്തോടൊപ്പം സഞ്ചരിച്ചാണ്. 1887-ൽ പ്രസിദ്ധീകരണം ആരംഭിച്ച *നസ്രാണി ദീപിക*യുടെ ലക്ഷ്യം ക്രൈസ്തവസമുദ്ധാരണവും ക്രിസ്തുമത പ്രചരണവുമായിരുന്നു. അന്യമത വിമർശനങ്ങൾ അതു നടത്തുകയും ചെയ്തിരുന്നു. ഇതിനു മറുപടി നൽകാൻ ഹിന്ദു വിഭാഗത്തിൽ നിന്നു ആരംഭിച്ച പത്രങ്ങളാണ് *ആര്യസിദ്ധാന്തചന്ദ്രിക*, ശ്രീരാമകൃഷ്ണന്റെ *പ്രബുദ്ധകേരളം* എന്നിവ. *കേരളദീപിക*, *മുസ്‌ലിം*, *അൽഇസ്‌ലാം*, *അൽ ഇർഷാദ്* തുടങ്ങിയ പത്രങ്ങൾ മുസ്‌ലിം മതകാര്യങ്ങളും പറഞ്ഞ് ആരംഭിച്ചു. യാക്കോബായ സഭയുടെ സൗകര്യങ്ങൾ *മലയാള മനോരമ*ക്ക് ആദ്യകാലത്ത് പിൻബല

മായിരുന്നു. ആദ്യം നായന്മാരുടെയും പിന്നീട് ഈഴവ സമ്പന്നരുടെയും പിന്തുണയിലാണ് *മാതൃഭൂമി* അതിന്റെ അടിത്തറ പാകിയത്. നായർ – ഈഴവ ലഹളയെ തുടർന്ന് ആരംഭിച്ചതാണ് *കേരള കൗമുദി*. പക്ഷേ, അമ്പതുകൾക്ക് ശേഷം സ്വന്തം പ്രാധിനിത്യത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നതോടൊപ്പം മാധ്യമങ്ങൾ പൊതുസമൂഹത്തെ അഭിസംബോധനം ചെയ്യാനും വളർന്നിരുന്നു.

മുസ്‌ലിം പ്രസിദ്ധീരണങ്ങൾ സാമൂഹിക വിഷയങ്ങളിലേക്ക് കാര്യമായി കണ്ണുതുറക്കുന്നത് എൺപതുകളോടെയാണ്. മുസ്‌ലിം സമുദായം പൊതുസമൂഹത്തിന് മുമ്പിൽ ചോദ്യങ്ങൾ നേരിട്ട ശരീഅത്ത് പ്രശ്നം, മണ്ഡൽ പ്രശ്നം, ബാബരി, വർഗീയ കലാപങ്ങൾ, ഗൾഫ്‌യുദ്ധം തുടങ്ങിയ സംഭവങ്ങളെ അഭിമുഖീകരിക്കാൻ, അതുവരെ മതവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്തിരുന്ന പ്രസിദ്ധീകരണങ്ങൾ നിർബന്ധിതരായി. ഓരോ വിഭാഗങ്ങളും പൊതുമണ്ഡലത്തെ അഭിമുഖീകരിക്കാൻ അവയുടെ സംവിധാനങ്ങളെ അതിനനുസൃതമായി വികസിപ്പിക്കുന്നതിന്റെ രീതിയാണിവിടെ കണ്ടത്. ദൃശ്യമാധ്യമങ്ങൾക്ക് തിരിഞ്ഞു നോക്കാൻ ഒരു ദീർഘകാല അനുഭവമില്ലാത്തതിന്റെ പേരിലാണ് അതിന്റെ ആദ്യകാല ജാലകങ്ങളായ പ്രസിദ്ധീകരണങ്ങളെ ഇവിടെ മാതൃകകളായി എടുത്തത്.

രണ്ട്

ഭാഷയുടെ വികാസവും പൊതുമണ്ഡല രൂപീകരണവുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. പൊതുമണ്ഡലം രൂപീകൃതമാകുന്നതിന് മുമ്പ് ഓരോ ജനതയും അവരവരുടെ ഭാഷയും സംസ്കാരവും സ്വന്തം പരിസരങ്ങളിലാണ് വ്യവഹരിക്കാൻ ശ്രദ്ധിച്ചിരുന്നത്. പരസ്പരം കൈമാറാൻ സമുദായങ്ങൾ അവരുടെ ഭാഷാസംസ്കൃതി ഉപയോഗിച്ചിരുന്നില്ലെന്ന് ചുരുക്കം. അതിന്റെ ആവശ്യവും അവർക്ക് ഉണ്ടായിരുന്നില്ല. പൊന്നാനിയിൽ ഒരു മഖ്ദൂം ഉണ്ടെന്നും കോഴിക്കോട് ഒരു ഖാദി മുഹമ്മദ് ഉണ്ടെന്നും എഴുത്തച്ഛൻ അറിയാതിരുന്നത് അതുകൊണ്ടാണ്. നേരെ തിരിച്ചും അതുപോലെ തന്നെ.

മലയാള ഭാഷാ ചരിത്രഗ്രന്ഥമെഴുതിയവർക്ക് മുസ്‌ലിം പണ്ഡിതരചനകൾ അറിയാതെ പോയത് സ്വാഭാവികം മാത്രം. ജി. ശങ്കരക്കുറുപ്പ് മലയാളത്തിലെ പ്രമുഖ കവിയാണെന്നും ഇ.കെ മൗലവി കേരളത്തിലെ പ്രമുഖ ഇസ്‌ലാമിക പണ്ഡിതനാണെന്നും മഹാരാജാസ് കോളെജിലെ മലയാളം/അറബി വകുപ്പുകളിൽ അവർ ഒരേസമയം ജോലിചെയ്യുമ്പോഴും പരസ്പരം അറിയില്ലായിരുന്നുവത്രെ. വള്ളത്തോളിനെ എസ്. കെ പൊറ്റക്കാട് സന്ദർശിച്ചപ്പോൾ ഇയാളുടെ ജാതിയേതെന്ന് അറിയില്ലായിരുന്നുവെന്ന് പറയുമ്പോൾ എഴുത്തുകാർ അന്യജാതിക്കാരായാൽ തന്നെ പരസ്പരം ബന്ധമില്ലായിരുന്നുവെന്ന് മനസ്സിലാകുന്നു.

അറബിയും അറബി-മലയാളവും കടന്ന് മലയാളത്തിലേക്ക് മുസ്‌ലിം സമുദായം വരുന്നതുതന്നെ പൊതുസമൂഹത്തെ അഭിസംബോധന ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമായാണ്. മിഷനറിഗദ്യത്തിലെ പല കൃതികളും തുറന്ന സമൂഹത്തെ ലക്ഷ്യമാക്കി രചിച്ചവയാണെങ്കിൽ മാപ്പിളമലയാള രചനയുടെ ലക്ഷ്യം അടഞ്ഞ സമുദായമായിരുന്നുവെന്ന് പ്രൊഫ. കെ.എം പ്രഭാകരവാരിയർ (*മലയാളം: മാറ്റവും വളർച്ചയും*) നിരീക്ഷിച്ചിട്ടുണ്ട്. അറബിയിലൂടെയും അറബി-മലയാളത്തിലൂടെയും മാപ്പിളമാർ സൃഷ്ടിച്ച സർഗാത്മകത മലയാളം പുണർന്നതോടെ പൊതുസമൂഹത്തിനും പ്രാപ്യമായി. *തുഹ്ഫതുൽ മുജാഹിദീ*നും *മുഹ്‌യിദ്ദീൻമാല*യും പൊതുസമൂഹത്തിനു കിട്ടിയിട്ടു അധികമായിട്ടില്ലല്ലോ. പൊതുമണ്ഡലത്തിന്റെ പ്രാപ്യത സമുദായങ്ങൾക്കിടയിലെ ഭാഷയുടെ ഏകതയിലൂടെ സാധ്യമാകുന്നു. അതു സംവിധാനിക്കുന്നതിൽ മാധ്യമങ്ങൾക്കാണ് പ്രധാനപങ്ക്. സമുദായങ്ങളെ പരസ്പരം ഉൾക്കൊണ്ട് ഓരോ വിഭാഗങ്ങളും സംസാരിക്കാൻ തുടങ്ങിയതിന്റെ വ്യക്തത അമ്പതുകൾക്ക് ശേഷം/ പൊതുമണ്ഡല രൂപീകരണത്തോടെ മനസ്സിലാക്കപ്പെട്ടു എന്ന് ചുരുക്കം.

മൂന്ന്

പൊതുമണ്ഡലത്തിന്റെ സാംസ്കാരിക സാധ്യതയെ കേരളത്തിലെ മുസ്‌ലിംകൾ ഏതു രീതിയിലാണ് അഭിസംബോധന ചെയ്തത്? വാരികകളും മാസികകളും ദിനപ്പത്രങ്ങളും തുടങ്ങി ഒടുവിൽ ചാനലുകൾ വരെ നടത്താനിരിക്കുന്ന മുസ്‌ലിം സമുദായം സ്വന്തം ചിഹ്നങ്ങളും ഭാഷയും പൊതുസമൂഹത്തിന് കൂടി പ്രാപ്യമാക്കിയാണോ കൈകാര്യം ചെയ്യുന്നത്?

കേരളത്തിന്റെ സാംസ്കാരിക വളർച്ചയോടൊപ്പം സഞ്ചരിക്കുന്നത് പോയിട്ട് സ്വന്തം സമുദായത്തെ വിപുലാർഥത്തിൽ കാണാൻ പോലും കഴിയാത്ത ഉള്ളടക്കങ്ങളാണ് മുസ്‌ലിം പ്രസിദ്ധീകരണങ്ങളെ ഇന്നും നയിക്കുന്നത്. അത് അവയെ കൂടുതൽ അകത്തേക്ക് കൊണ്ടുപോയിരിക്കുകയാണ്. അറബി-മലയാള ലിപി മാറിയെന്നതൊഴിച്ച് മിക്ക മുസ്‌ലിം പ്രസിദ്ധീകരണങ്ങളും ലക്ഷ്യംവെക്കുന്നത് അടഞ്ഞ സമുദായത്തെ തന്നെയാണ്. മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ കൈകാര്യം ചെയ്യുന്നത് പുതിയ തലമുറയാണെങ്കിലും അതിന്റെ ഭാഷ നിയന്ത്രിക്കുന്നത് ഇപ്പോഴും അമ്പതും അറുപതും കഴിഞ്ഞവർ തന്നെയാണ്. അതുകൊണ്ട് തന്നെ അവ വേണ്ട ലക്ഷ്യം കാണാതെ പോകുകയും ചെയ്യുന്നു. ഒരുപക്ഷേ, കേരളത്തിൽ ഏറ്റവും മികച്ച എഡിറ്റോറിയൽ ടീമിനെ ഉപയോഗിച്ച് തുടങ്ങിയ പത്രമായിരിക്കാം *വർത്തമാനം*. എന്നാൽ മോശം മാനേജ്മെന്റിനെ കൊണ്ടു തുടങ്ങിയ പത്രവും അതുതന്നെയായിരുന്നു. പത്രത്തിന്റെ ഭാഷയിൽ പോലും തലനിരച്ച മാനേജ്മെന്റ് ഇടപെട്ടതോടെ കൈവിട്ട് പോയെന്ന് അതിൽ നിന്നു പുറത്ത് വന്ന പത്രപ്രവർത്തകർ എഴുതിയത് വായിച്ചിട്ടുണ്ട്.

തെറ്റാവട്ടെ ശരിയാകട്ടെ, ഒരു നയം പോലും പ്രഖ്യാപിക്കാൻ അതിന്റെ മാനേജുമെന്റിനു കഴിഞ്ഞിരുന്നില്ലത്രെ.

പൊതുസമൂഹത്തിൽ ഉയർന്നുനിൽക്കുന്ന പല സംവിധാനങ്ങളുണ്ടായിട്ടും തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട മാധ്യമത്തെ/പ്രസിദ്ധീകരണങ്ങളെ മറ്റൊരു സമുദായത്തിന് കടന്നുവരാൻ കഴിയാത്ത വിധം അടച്ചിടുന്നത് മതപ്രസ്ഥാനങ്ങൾ തങ്ങളുടെ മുഖപത്രങ്ങൾ കൊണ്ട് ലക്ഷ്യമാക്കുന്ന ഭൂമിക രൂപപ്പെടാതിരിക്കാനേ കാരണമാകൂ. ആർക്കും ഉപകാരമില്ലാത്ത വെറും കടലാസുകളായി മാറും അവ. ഒരു പ്രസ്ഥാനത്തിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളെയും ഈ വഴിക്ക് തിരിക്കണമെന്നല്ല. സമുദായത്തിന്റെ ഘടകങ്ങളെ അഭിസംബോധന ചെയ്യാൻ വിവിധ പ്രസിദ്ധീകരണങ്ങളുള്ളതോടൊപ്പം പൊതുമണ്ഡലത്തോട് സംവദിക്കാൻ ഒരു പ്രസിദ്ധീകരണത്തെ തയ്യാറാക്കി നിർത്തിയേ മതിയാകൂ. ഭാഷയോടും ചിഹ്നങ്ങളോടുമുള്ള ഈ അടഞ്ഞ സമീപനവുമായി ചാനൽ തുടങ്ങാനുള്ള ശ്രമം, നമ്മുടെ പല പ്രസിദ്ധീകരണങ്ങളുടെയും അനുഭവമായിരിക്കും നൽകുക.

നാല്

രണ്ടു രീതിയിലുള്ള ചാനലുകൾ പൊതുവെ കാണാൻ കഴിയുന്നുണ്ട്. ഒന്ന്, വാർത്താ-വിനോദ ചാനലുകൾ. രണ്ട്, പ്രത്യേക പ്രബോധനം ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്ന ചാനലുകൾ. രണ്ടായാലും കേരളീയ മുസ്‌ലിം സമുദായത്തിൽ ഉദാഹരണങ്ങളില്ല. എന്നാൽ രണ്ടിന്റെയും അനിവാര്യത മനസ്സിലാക്കപ്പെട്ടിട്ടുമുണ്ട്. പൊതുസമൂഹവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട സംവിധാനമെന്ന നിലയിൽ വാർത്താ ചാനലുകളെ കൂടുതൽ ഗൗരവത്തിലെടുക്കേണ്ടതുണ്ട്. മുസ്‌ലിം സമുദായത്തിനു നേരെ പൊതുമീഡിയ ഉയർത്തുന്ന വിമർശനങ്ങളെ നാം പ്രസിദ്ധീകരണങ്ങളിൽ നേരിട്ട് ആത്മസുഖം കണ്ടെത്താറാണ് സാധാരണ. ഇത് വിമർശനമുന്നയിക്കുന്നവർക്ക് അധികം എത്താറുമില്ല. ഇത്തരം പരിമിതികളെ മറികടക്കണമെങ്കിൽ അതേ മീഡിയയിലൂടെ മറുപടി നൽകുകയേ നിർവാഹമുള്ളൂ.

ഒരു പുതിയ സംവിധാനത്തെ ഉൾക്കൊള്ളാനുള്ള മനസ്സ് വാർത്താചാനലിന്റെ കാര്യത്തിൽ പുതുക്കെ പോലും നമുക്കിടയിൽ നടക്കുന്നില്ലെന്ന വസ്തുതയുണ്ട്. മതസംഘടനകൾ നടത്തുന്ന കേരളത്തിലെ സെക്യുലർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എടുത്തുനോക്കൂ. സ്ത്രീ/കലാ കായികം തുടങ്ങിയ ചട്ടക്കൂടുകൾ എങ്ങനെയാണ് അവിടെ പരിഹരിക്കപ്പെടാറുള്ളത്. ഒരേ മുസ്‌ലിം മാനേജ്മെന്റിനു കീഴിൽ തന്നെ അറബിക് കോളെജും സ്കൂളും ഭൗതിക ഡിഗ്രി കോളജും ഒരേസമയം നടത്തുമ്പോൾ മതം പാലിക്കപ്പെടുന്നത് എങ്ങനെയാണോ (അറബിക് കോളെജിലും ഭൗതിക കോളെജിലും ഒരുപോലെയല്ലല്ലോ മതം നടപ്പിലാക്കാറുള്ളത്) അതേപോലെ അല്ലെങ്കിൽ അതിനേക്കാൾ മികച്ച അളവിൽ വാർത്താചാനൽ നടത്തുമ്പോൾ കഴിയുമെന്ന് തന്നെയാണ്

പ്രതീക്ഷ.

ജനാധിപത്യ സമൂഹത്തിൽ മാധ്യമങ്ങൾക്കുള്ള, അതിന്റെ പുതിയ രീതിയായ ചാനലുകൾക്കുള്ള സാധ്യത സമുദായം ഗൗരവത്തിലെടുത്തേ മതിയാകൂ. *അൽജസീറ*, അറബ് മാനുഷിക, സാമ്പത്തിക വിഭവങ്ങൾ ഉപയോഗിച്ചു തുടങ്ങിയ ആദ്യത്തെ ചാനലല്ലാത്തതു പോലെ കേരളത്തിൽ മുസ്‌ലിംകൾ തുടങ്ങുന്ന ചാനൽ കേരളമുസ്‌ലിംകളുടെ സാമ്പത്തിക-മാനുഷിക വിഭവങ്ങൾ ഉപയോഗിച്ചു തുടങ്ങുന്ന ആദ്യത്തെ ചാനലായിരിക്കില്ല. *അൽജസീറക്ക്* മുമ്പേ അറബ് വിഭവങ്ങൾ ഉപയോഗിച്ച് യൂറോപ്പിൽ നിന്നും മറ്റും ചാനലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടായിരുന്നു. കേരളത്തിലെ മുസ്‌ലിം മാനുഷിക-സാമ്പത്തിക വിഭവമുപയോഗിക്കുന്ന ചാനലുകൾ മലയാളത്തിലുമുണ്ടല്ലോ. നമ്മൾ ആലങ്കാരിക പദവികളിലിരിക്കാതെ തുറന്ന് നയം പ്രഖ്യാപിക്കുന്ന ആദ്യചാനലെന്ന് വരാനിരിക്കുന്നവയെ വിശേഷിപ്പിക്കാം.

ചാനൽ അവതരിപ്പിക്കപ്പെടുമ്പോൾ മുസ്‌ലിം ചിഹ്നങ്ങളെയും സംസ്കാരത്തെയും പൊതുസമൂഹം തുറന്ന മനസ്സോടെ മാത്രമേ സമീപിക്കേണ്ടതുള്ളൂ. പക്ഷേ, അങ്ങനെയൊരു മനസ്സ് പൊതുസമൂഹം സൂക്ഷിക്കുന്നില്ലെന്ന് പറയാനാണ് തോന്നുന്നത്. കേരളത്തിന്റെ പൊതുബോധം സവർണ്ണമാണെന്ന കെ.ഇ.എൻ. കുഞ്ഞഹമ്മദിന്റെ അഭിപ്രായം മുഖവിലക്കെടുക്കുക മാത്രമല്ല, പൊതുസമൂഹത്തിന്റെ ചില പെരുമാറ്റങ്ങളും നമ്മുടെ ധാരണയെ ശരിവെക്കുന്നതാണ്. മലയാളത്തിലെ വാർത്താമുറികളിൽ തട്ടമിട്ട എത്ര മുസ്‌ലിം പെൺകുട്ടികളുണ്ട്? മുസ്‌ലിം പെൺകുട്ടികൾ അവിടെ ഇല്ലെന്ന് പറയാനാകില്ല. തട്ടമിട്ട പെൺകുട്ടികൾ വാർത്താമുറികളിലേക്ക് വരാത്തതു കൊണ്ടല്ല, വാർത്താമുറികളിലെത്തുന്നതോടെ അവർ തട്ടമഴിച്ചുവെക്കുകയാണ് ചെയ്യുന്നത്. മലയാളത്തിന്റെ ആദ്യ സ്വകാര്യ ചാനലിൽ വാർത്ത വായിച്ചിരുന്ന ഒരു മുസ്‌ലിം പെൺകുട്ടി തട്ടമിടാറില്ലെന്നു മാത്രമല്ല പൊട്ടുപോലും തൊട്ടാണ് പ്രേക്ഷകർക്ക് മുന്നിൽ എത്താറുണ്ടായിരുന്നത്. എന്നിട്ടും തന്റെ പേരിൽ തെളിഞ്ഞിരിക്കുന്ന സ്വത്വം ഗുജറാത്ത് കലാപകാലത്തും പാർലമെന്റ് ആക്രമണകാലത്തും അസ്വസ്ഥതയുണ്ടാക്കിയെന്ന് അവർ ഒരിക്കൽ തുറന്നുപറഞ്ഞിട്ടുണ്ട് - *തിരുത്തി*ലെ സുഹ്റയുടെ അതേ സ്വത്വഭയം. മലയാളത്തിലെ ആദ്യസമ്പൂർണ വാർത്താചാനലിൽ വാർത്താ അവതാരകയായിരുന്ന മുസ്‌ലിം പെൺകുട്ടിയെ ഈയിടെ ഒരു ഇന്റർവ്യൂബോഡിന് മുന്നിൽ ഹാജറാകുന്നതിനിടയിൽ തലമറച്ച് ഇരിക്കുന്നത് കണ്ടു. വാർത്താമുറികളിൽ തട്ടമിടണ്ടാ എന്ന് സ്വയം തീരുമാനിക്കുകയോ അതല്ല തട്ടമിടാനുള്ള ഒരു ഭയം അവർക്ക് ആരോ നൽകുകയോ ചെയ്തിട്ടുണ്ട്. (പൊട്ടുതൊട്ട് വാർത്ത വായിക്കാമെങ്കിൽ തട്ടമിട്ടും വാർത്തവായിക്കാം. മതേതര വിവാഹമെന്നാൽ മിശ്രവിവാഹമാണെന്നും തലമറക്കാതിരിക്കലാണ് മതേതര വേഷമെന്നുമുള്ള സവർണ്ണബോധമാണ് മിക്കവരെയും നയിക്കുന്നത്.) ഈ നിയമസഭാ

തെരഞ്ഞെടുപ്പ് വേളയിൽ കോൺഗ്രസ് വക്താവ് എം. എം ഹസൻ പറഞ്ഞത് പോലെ, തന്നെ വെറും മുസ്‌ലിമായി ചുരുക്കരുതേ എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ പിന്നെ ഒന്നും പറയാനില്ല.

തട്ടമിട്ടും വാർത്താവായിക്കാമെന്ന് *അൽജസീറ*യിലെയും ഇറാന്റെ ഔദ്യോഗിക ചാനലായ *പ്രസ് ടി.വി*യിലെയും *ദൂരദർശ*ന്റെ കാശ്മീരി ഭാഷയിലെ *കേശർ* ചാനലിലെയും പെൺകുട്ടികൾ കാണിച്ചു തന്നിട്ടുണ്ട് (കാശ്മീരി ഭാഷയെ കേശർ എന്നാണ് ഔദ്യോഗികമായി അവർ വിളിക്കാറ്). അവർ പങ്കുവെക്കുന്ന സംസ്കാരം പ്രേക്ഷക പൊതുസമൂഹത്തിന് ഉൾക്കൊള്ളാനുമായിട്ടുണ്ട്.

പൊതുസമൂഹത്തിന്റെ സാംസ്കാരിക നിലപാടുകളിൽ കൃത്യമായ പങ്ക് അറിയിക്കുകയും അതിൽ തിരുത്താനുള്ളത് തിരുത്തുകയും കൂടെ ചേരാനുള്ളതിൽ കുടെ ചേരുകയും ചെയ്യാൻ മുന്നോട്ട് വെക്കുന്ന ചാനൽ മടിക്കേണ്ടതില്ല. തങ്ങളുടെ പ്രേക്ഷക സമൂഹത്തെ ഏതുരീതിയിൽ നിർമ്മിക്കണമെന്നതിനു *അൽജസീറ* തന്നെയാണ് നല്ല ഉദാഹരണം. അവരുടെ അറബിചാനലും ഇംഗ്ലീഷ് ചാനലും അടിസ്ഥാനപരമായ നയം ഒരുപോലെ പങ്കുവെക്കുന്നതോടൊപ്പം വ്യത്യസ്തമാകേണ്ടിടത്ത് അങ്ങനെ ആകുന്നുമുണ്ട്. *അൽജസീറ* ഇംഗ്ലീഷ് ചാനൽ പങ്കുവെക്കുന്ന ദൃശ്യബോധം അറബി- പാശ്ചാത്യ സംസ്കാരത്തിന്റെ സങ്കലനമാണ്. അതിന്റെ ഭാഷയിലും സമീപനത്തിലും അത് കാണാനുമാകും. പെൺകുട്ടികളിൽ ഹിജാബ് പാലിച്ചവരെയും അല്ലാത്തവരെയും കാണാം.

പൊതുമണ്ഡലത്തെ അഭിമുഖീകരിക്കാനുള്ള ഭാഷയും ദർശനവും കൈവശമുള്ള മാധ്യമപ്രവർത്തകരുടെ നിര ചാനലിന് പിന്നിൽ നിൽക്കാൻ വളർന്നുവരേണ്ടതുണ്ട്. നമ്മുടെ ആസൂത്രണങ്ങളിൽ അങ്ങനെ ഒരു ആലോചന ഇതുവരെ വന്നിട്ടില്ലെന്ന് തോന്നുന്നു. സ്കൂളുകളും ആർട്സ് ആന്റ് സയൻസ് കോളെജുകളും മുതൽ എൻജിനീയറിങ്ങ്-മെഡിക്കൽ കോളെജുകൾ വരെ നടത്തുന്ന സമുദായം ഒരു ജേണലിസം ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? അമൃത ഇൻസ്റ്റിറ്റ്യൂട്ടും ഡോൺബോസ്കോയും മുതൽ വിവിധ പത്രങ്ങൾ നടത്തുന്ന സ്വകാര്യ മാധ്യമസ്ഥാപനങ്ങൾ വരെ നിരവധി ഇവിടെയുണ്ട്. ജനാധിപത്യത്തിന്റെ അനുക്രമമായ വികാസത്തിൽ ഡോക്ടറെക്കാളും എൻജിനീയറെക്കാളും സമൂഹത്തിൽ സ്ഥാനം നിർണയിക്കാൻ കഴിയുന്ന പ്രാപ്തിയുള്ള മാധ്യമപ്രവർത്തകരെ വളർത്തേണ്ടത് പുതിയ കാലത്തിന്റെ അനിവാര്യതയാണ്. മുസ്‌ലിം മാനേജ്മെന്റുകൾക്ക് കീഴിലുള്ള കോളെജുകളിൽ ജേണലിസം ഉപവിഷയമായിട്ടു പോലും അപൂർവ ഇടങ്ങളിൽ മാത്രമേയുള്ളൂ.

പല യൂണിവേഴ്സിറ്റികളിലും മാസ് കമ്യൂണിക്കേഷന് പഠിക്കുന്ന തലമുറയെ നോക്കിയാൽ ഭാവികാലത്തെക്കുറിച്ച് ആശങ്കപ്പെടാതിരിക്കാൻ നിവൃത്തിയില്ല. സമൂഹത്തെക്കുറിച്ചോ തന്റെ പ്രാതിനിധ്യത്തെ കുറിച്ചോ ഒരു അവബോധവുമില്ലാത്ത തലമുറ ക്ലാസ്മുറികളിൽ

ഇരിക്കുന്നു. അലീഗർ മുസ്‌ലിം യൂണിവേഴ്‌സിറ്റിയിൽ മാസ് കമ്മ്യൂണിക്കേഷന് പഠിക്കുന്ന കുട്ടികൾക്ക് ഫാഷൻ പേജും ഐ. പി. എൽ പേജും ചെയ്യാനല്ലാതെ സാമൂഹിക, രാഷ്ട്രീയ, പാരിസ്ഥിതിക വിഷയങ്ങളിൽ യാതൊരു കാഴ്ചപ്പാടും ഇടപെടലും ഇല്ലെന്ന് പറയാം. ഉത്തരേന്ത്യയിൽ ചെലവാകുന്ന പല പത്രങ്ങളുടെയും രണ്ടാം പേജ് വല്ലാതെ വികൃതമായിപ്പോയതിൽ അതുകൊണ്ട് തന്നെ അത്ഭുതപ്പെടാനില്ല.

അഞ്ച്

അനുകൂലമായ പ്രഭാഷണങ്ങളും എഴുത്തുകളും മാത്രമനുഭവിച്ച തലമുറയെ മത-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇനി വളർത്തരുത്. പൊതുമണ്ഡലത്തിൽ എത്ര വിമർശനങ്ങൾ കേട്ടാലും ക്ഷോഭിക്കാതിരിക്കേണ്ടത് പ്രസ്ഥാനങ്ങളുടെ ആവശ്യമാണ്. അതിനു പാകപ്പെടണമെങ്കിൽ എതിർപ്പുകൾ നേരത്തെ മുറിച്ചു കടന്നവരാകണം അവർ. അല്ലാത്തവർക്ക് പെട്ടെന്ന് മുഖം ചുവപ്പിക്കേണ്ടി വരും. എഴുതുന്നവരെയും വായിക്കുന്നവരെയും അംഗീകരിക്കാത്തവരും ബിരായാണിക്കമ്പക്കാരും നാല് കെട്ടുന്നവരും ആണെന്ന തൊഴി മാത്രം കേട്ടാൽ പോരല്ലോ നമുക്ക്. ഒരു ചാനലിന്റെ ഭൂമികയെന്ന് പറയുന്നത് പകുമായ അങ്ങനെയുള്ള ഒരു തലമുറയാണ്. അതുണ്ടോ നമുക്ക്?